## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5228

02.07.2013- ലെ മറുപടിക്ക്

### അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കെതിരെ നടപടി

**ചോദ്യം**

ശ്രീമതി. കെ.കെ. ലതിക

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) സഹകരണ സംഘങ്ങളുടെ ഭരണ സ്തംഭനം ഒഴിവാക്കുന്നതിന് നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്ക് സംഘത്തിൽ അംഗങ്ങളെ ചേർക്കുവാനോ, നിലവിലുള്ള അംഗങ്ങളുടെ അംഗത്വം റദ്ദ് ചെയ്യാനോ, സംഘത്തിൽ ജീവനക്കാരെ നിയമിക്കുവാനോ നിയമപരമായി അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എ) 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 32(4), 33(2) എന്നിവ പ്രകാരം അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് സംഘം ഭരണ സമിതിയുടെ എല്ലാ അധികാരങ്ങളുമുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും സർക്കാർ കാലാകാലങ്ങളിൽ കൈക്കൊള്ളുന്ന നയപരമായ തീരുമാനങ്ങൾക്കും, ബഹു. സുപ്രീം കോടതി/ഹൈക്കോടതി വിധികൾക്കും വിധേയമായി മാത്രമേ ഈ അധികാരങ്ങൾ വിനിയോഗിക്കാറുള്ളൂ.

(ബി) അധികാരമില്ലാതെ ഇത്തരത്തിൽ പ്രവർത്തിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്കെതിരെ പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ എന്നും ഏത് കമ്മിറ്റികൾക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

(ബി) താഴെപ്പറയുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്കെതിരെ സഹകരണ സംഘം രജിസ്ട്രാർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

1. തിരുവനന്തപുരം ജില്ലയിൽ കാവല്ലൂർ ഹരിജൻ സർവ്വീസ് സഹകരണ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയ്ക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നു.

2. തിരുവനന്തപുരം ജില്ലയിലെ തന്നെ അണ്ടൂർക്കോണം സർവ്വീസ് സഹകരണ ബാങ്കിലെ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയ്ക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും പരാതിക്കാരന് മറുപടി നൽകുന്നതിനും തിരുവനന്തപുരം ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി 20.11.2012 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പുതിയ അംഗങ്ങളെ ചേർക്കുന്നത് വിലക്കിയിട്ടുണ്ട്.
3. എറണാകുളം ജില്ലയിലെ വടാട്ടുപാറ ഇടമലയാർ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.178 ന് എതിരെ 24.06.2013 ന് പരാതി ലഭിച്ചതിനെ തുടർന്ന് നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ